# അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം

## ചേന്ദമംഗലം- 683512, നോർത്ത് പറവൂർ, എറണാകുളം

E-mail: aelsgdchendamangalam@gmail.com

നമ്പർ : 38/25-26/LTR/AE/LID&EW/CHM തീയതി : 17.07.2025

പ്രേഷിത

അസിസ്റ്റന്റ് എഞ്ചിനീയർ

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ജോയിന്റ് ഡയറക്ടർ (ഉചിത മാർഗേന)

എറണാകുളം ജില്ല

വിഷയം: തസ്വഭവ - ജോയിന്റ് ഡയറക്ടറുടെ കാര്യാലയം - എറണാകുളം ജില്ല - ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് - കെട്ടിടമുറിക്ക് നമ്പർ അനുവദിക്കാത്തത് - പരാതി സംബന്ധിച്ച റിപ്പോർട്ട്

സൂചന: 1) ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് KSMART FILE NO.: 3076937-2025

2) LSGD/JD/EKM/2190/2025-G1 തീയതി 04-06-2025

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്നും 10-07-2025 ന് സൂചന 1 ൽ പരാമർശിച്ചിട്ടുള്ള KSMART ഫയൽ സൂചന 2 ൽ പരാമർശിച്ചിട്ടുള്ള കത്ത് attach ചെയ്ത് നൽകിക്കൊണ്ട് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഫോർവേഡ് ചെയ്തു നൽകുകയുണ്ടായി. ആയത് പ്രകാരം 11-07-2025 ന് സമർപ്പിച്ചിട്ടുള്ളതും, ബഹു. ജോയിന്റ് ഡയറക്ടർക്ക് ഉചിത മാർഗേന സമർപ്പിക്കുന്നതിന് 16-07-2025 ന് സൂചന 1 Note 6 പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്ന് നിർദ്ദേശിച്ചതനുസരിച്ച് മേൽ വിഷയം സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുന്നു.

അപേക്ഷക ശ്രീമതി ബിന്ദു, കൃഷ്ണഭവൻ ന്യൂനതകൾ വ്യക്തമാക്കി തരുന്നതിനായി 01-03-2025 തീയതിയിൽ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ 400582/BABC06/GENERAL/2024/5943 റീ-ഓപ്പൺ ചെയ്തു നൽകുകയും, 03-03-2025 തീയതിയിൽ

ഖണ്ഡിക 39 പ്രകാരം വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്, ആയത് ചുവടെ ചേർക്കുന്നു:

KPBR 2019 R 26 Table 4 പ്രകാരം Category F കെട്ടിടങ്ങൾക്ക് (200 sq.m. ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ) Front - 3.00m, Rear - 1.50 m, Side - 1.00m വീതം സെറ്റ് ബാക്കും, Category G1 കെട്ടിടങ്ങൾക്ക് (200 sq.m. ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക്) Front - 3.00 m, Rear - 2.00 m, Sides - 2.00m വീതം സെറ്റ് ബാക്കും ആവശ്യമാണ്. എന്നാൽ KPBR 2019 R 26(2) പ്രകാരം മൾട്ടിപ്ലക്സ് കോംപ്ലക്സ് ഒഴികെ ബഹുവിനിയോഗങ്ങളോട് കൂടിയ കെട്ടിടങ്ങളുടെ സംഗതിയിൽ ഏറ്റവും നിയന്ത്രിതമായ വിനിയോഗ ഗണങ്ങൾക്കുള്ള അങ്കണം ആണ് നൽകേണ്ടത്. ആയതിൻ പ്രകാരം ടി കെട്ടിടത്തിന് Category G1 വിനിയോഗ ഗണങ്ങളുടെ നിബന്ധനകൾ പാലിക്കേണ്ടതായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന റൂൾ 26(2) പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വടക്കു ഭാഗത്തു 2.00m ദൂര പരിധി ആവശ്യമായിരുന്നു, എന്നാൽ നിലവിൽ ടി ഭാഗത്തു 1.57m (as per permit) ദൂര പരിധിയാണ് ലഭ്യമായിട്ടുള്ളത്.

മേൽ സമർപ്പിച്ച റിപ്പോർട്ട് 05-03-2025 തീയതിയിലെ 400582/DABC06/GENERAL/2024/5943/(4) നമ്പർ കത്ത് പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമയബന്ധിതമായി രേഖാമൂലം അപേക്ഷകനെ അറിയിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു.

അപേക്ഷകന്റെ അറിവിലേക്ക് റിപ്പോർട്ട് രണ്ടാമതും അയച്ചു നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ടെന്നും, സമയബന്ധിതമായി അപേക്ഷകന് സേവനം ഉറപ്പാക്കുന്നതിനും അങ്ങയുടെ പ്രത്യേക നിർദേശമുള്ളതിനാലും ഫയൽ ബ്ലോക്ക് തല അദാലത്തിലേക്ക് elevate ചെയ്യുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചു കൊള്ളുന്നു. അപേക്ഷകൻ അപാകതകൾ പരിഹരിച്ചതിന് ശേഷം ഫയൽ പുനർസമർപ്പിക്കുകയും ആയത് സ്ഥല പരിശോധനക്കായി എഞ്ചിനീയറിങ് വിഭാഗത്തിന് കൈമാറുന്ന മുറക്ക് വേണ്ട നടപടികൾ സ്വീകരിച്ചു കൊള്ളാമെന്നും അറിയിച്ചു കൊള്ളുന്നു.

**ASSISTANT ENGINEER**
**LID & EW SECTION**
**CHENDAMANGALAM GP**

വിശ്വസ്തതയോടെ

അസിസ്റ്റന്റ് എഞ്ചിനീയർ

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്